**<u>നഗരാസൂത്രകന്റെ കാര്യാലയം,</u>**

**<u>ഇടുക്കി, 685602, ഫോൺ നമ്പർ: 04862 235224</u>**

Email: tcpdidk@gmail.com.

**<u>നഗരാസൂത്രകന്റെ നടപടിക്രമം</u>**

**<u>(ഹാജർ ജിമ്മിച്ചൻ മാത്യു, നഗരാസൂത്രകൻ)</u>**

**വിഷയം:** ഇടുക്കി ജില്ല – ആലക്കോട് ഗ്രാമപഞ്ചായത്ത് – മെറ്റൽ ക്രഷർ യൂണിറ്റ് നിർമ്മാണം – സ്ഥലവിനിയോഗത്തിനും കെട്ടിടത്തിന്റെ ലേ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു

**പരാമർശം:** ശ്രീ.ഷിജു തോമസ്, മാനേജിംങ് ഡയറക്ടർ, പള്ളിവാതുക്കൽ ഗ്രാനൈറ്റ്സ് ആന്റ് എസ്റ്റേറ്റ് (പി) ലിമിറ്റഡ്, ചിലവ് പി.ഒ., ആലക്കോട്, കരിമണ്ണൂർ, തൊടുപുഴ എന്നയാളിന്റെ 21/11/2019 ലെ അപേക്ഷ.

<u>ഉത്തരവ് നമ്പർ TCPIDK/713/2019-D1</u> തിയതി **12/12/2019**

ആലക്കോട് ഗ്രാമപഞ്ചായത്തിൽ കരിമണ്ണൂർ വില്ലേജ് റീസർവ്വേ നമ്പർ 24/2, 24/2/1, 24/2/2, 24/2/3, 23/1/1/1/1, 23/1/3, 22/3/5, 22/3/1/1 എന്നിവയിൽ ഉൾപ്പെടുന്ന 2.6197 ഹെക്ടർ വസ്തുവിൽ ശ്രീ.ഷിജു തോമസ്, മാനേജിംങ് ഡയറക്ടർ, പള്ളിവാതുക്കൽ ഗ്രാനൈറ്റ്സ് ആന്റ് എസ്റ്റേറ്റ് (പി) ലിമിറ്റഡ്, ചിലവ് പി.ഒ., ആലക്കോട്, കരിമണ്ണൂർ, തൊടുപുഴ എന്നയാളുടെ ഉടമസ്ഥതയിൽ 690.00 ച.മീ തറവിസ്തീർണ്ണം വരുന്ന മെറ്റൽ ക്രഷർ യൂണിറ്റ് 52.05 ച.മി. തറവിസ്തീർണ്ണം വരുന്ന ഓഫീസ് കെട്ടിടം എന്നിവ ഉൾപ്പെടെ ആകെ 742.05 ച.മി തറവിസ്തീർണ്ണം ഉള്ളതായ, കെ.പി.ബി.ആർ 2019 ചട്ടം 25(2)K പ്രകാരം ഗ്രൂപ്പ് ഐ (ഹാനികര വിഭാഗം) -ൽ പെടുന്ന നിർമ്മാണത്തിന് ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും കെ.പി.ബി.ആർ 2019 ചട്ടം 30 പ്രകാരം അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ 2019 പ്രകാരം വസ്തുവിന്റെ ഉടമസ്ഥത, അതിർത്തി അളവുകൾ, വിസ്തീർണ്ണം, വഴിയുടെ വീതി, വസ്തുവിന്റെ ഇനം, തരം എന്നിവ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലോ പാരിസ്ഥിതിക ദുർബ്ബല പ്രദേശത്തോ ഉൾപ്പെട്ടുവരുന്നതല്ലായെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

3. മണ്ണ് കട്ടിങ്ങോ, ഫില്ലിങ്ങോ അവശ്യമായി വന്നാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ആവശ്യമായ അനുമതി സെക്രട്ടറി ലഭ്യമാക്കിയിരിക്കണം.
4. നിർമ്മാണം മൂലമുണ്ടാകുന്ന ഖര /ദ്രവമാലിന്യങ്ങൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധത്തിൽ വസ്തു ഉടമസ്ഥൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും സംസ്കരിക്കേണ്ടതാണ്.
5. KPBR 2019 ചട്ടം 79(7) അനുസരിച്ചുള്ള waste water recycling സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
6. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ ചട്ടം 2019 നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം നിർവ്വഹിക്കേണ്ടത്.

ഉള്ളടക്കം: അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ

Signature Not Verified

Digitally signed by Jimmichen Mathew
Date: 2019.12.12 15:50:42 IST
Reason: Approved

JIMMICHEN MATHEW, TP TPIDK, O/o TP TPIDK

To

ശ്രീ.ഷിജു തോമസ്, മാനേജിംങ് ഡയറക്ടർ, പള്ളിവാതുക്കൽ ഗ്രാനൈറ്റ്സ് ആന്റ് എസ്റ്റേറ്റ് (പി) ലിമിറ്റഡ്

കരുതൽ